## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1748      16.06.2014-ൽ മറുപടിക്ക്

### തുറമുഖങ്ങളിൽ നിന്നും മണൽ എടുക്കുന്നതിനുള്ള നിബന്ധനകൾ

ചോദ്യം      ഉത്തരം

| | ശ്രീ. പി. റ്റി. എ. റഹീം | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിലെ തുറമുഖങ്ങളിലെ ചാനലുകൾ ആഴംകൂട്ടുന്നതിനു വേണ്ടി മണൽ എടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ തുറമുഖങ്ങൾവഴിയുള്ള ചരക്ക് ഗതാഗതവും മത്സ്യബന്ധന യാനങ്ങളുടെ ഗതാഗതവും സുഗമമാക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളുടെ ചാനലുകളിലും ബെയ്സിനുകളിലും ആഴം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മെക്കാനിക്കൽ ഡ്രഡ്ജിംഗും മാന്വൽ ഡ്രഡ്ജിംഗും നടത്തിവരുന്നു. |
| (ബി) | എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിൽ നിന്നാണ് മണൽ എടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ്, നീലേശ്വരം, മഞ്ചേശ്വരം, അഴീക്കൽ, തലശ്ശേരി, വടകര, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളുടെ ചാനലുകളിലെ ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചാനലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും മണ്ണും മറ്റും നീക്കം ചെയ്യുന്നതിന് മാന്വൽ ഡ്രഡ്ജിംഗ് നടത്തിവരുന്നു. |
| (സി) | ഇങ്ങനെ മണൽ എടുക്കുന്നതിന് എന്തെങ്കിലും നിബന്ധനകൾ വച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 16.08.2013 തീയതിയിലെ ജി.ഒ (എം.എസ്) 54/13/മതുവ നമ്പർ പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റേയും തുടർന്നുള്ള ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത്. സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ടെൻഡർ നടപടിക്രമങ്ങളിലൂടെയാണ് സഹകരണ സംഘങ്ങൾക്ക് അനുമതി നൽകി വരുന്നത്. |
| (ഡി) | എങ്കിൽ സർക്കാർ നിബന്ധനകൾ പാലിക്കാതെ ഏതെങ്കിലും തുറമുഖങ്ങളിൽ മണൽ എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | തുറമുഖ പരിധികളുളിൽ നിന്നും സർക്കാർ നിബന്ധനകൾ പാലിക്കാതെ മണൽ എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | | ബാധകമല്ല |

സെക്ഷൻ ഓഫീസർ